(ബി) സംസ്ഥാന ഭക്ഷ്യ സുരക്ഷാ പദ്ധതിക്കായി ഈ സാമ്പത്തിക വർഷം 28 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. പ്രസ്തുത പദ്ധതിയിൽ 2011 ജനുവരി 31-ാം തീയതി വരെ 10.37 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

(സി) ഭക്ഷ്യ സുരക്ഷാ പദ്ധതി നടത്തിപ്പിലൂടെ ഈ സാമ്പത്തിക വർഷം നെല്ലുൽപ്പാദനം 8.5 ലക്ഷം ടണ്ണായും പച്ചക്കറി ഉല്പാദനം 7.5 ലക്ഷം ടണ്ണായും വർദ്ധിപ്പിക്കുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(ഡി) വിളവെടുപ്പ് സമയത്ത് സംസ്ഥാനത്ത് വ്യാപകമായി കനത്ത മഴയുണ്ടായതുമൂലം പദ്ധതിലക്ഷ്യം പൂർണ്ണമായി നേടാൻ കഴിയുമോ എന്ന കാര്യത്തിൽ സംശയമുണ്ട്. ലക്ഷ്യം നേടുവാനുള്ള എല്ലാ ശ്രമങ്ങളും നടത്തി വരുന്നു.

കൃഷിഭവനുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് നടപടി

26(*146) ഡോ. കെ. ടി. ജലീൽ :
ശ്രീ. പി. പി. അബ്ദുള്ളക്കുട്ടി :
ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൃഷിഭവനുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) കൃഷിഭവൻ മുഖേന ഇപ്പോൾ എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കുന്നത് ;

(സി) കാർഷിക വിജ്ഞാനം ജനങ്ങളിലെത്തിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ഡി) കൃഷിഭവൻ മുഖേന നടപ്പാക്കുന്ന പദ്ധതികളിൽ കർഷകരുടെ സജീവ പങ്കാളിത്തം ഉറപ്പാക്കാൻ നടപടി സ്വീകരിക്കുമോ ;

(ഇ) ഈ സർക്കാർ വന്നശേഷം പുതുതായി കൃഷി ഭവനുകൾ ആരംഭിച്ചിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ) : സർ,

(എ) കർഷക അദാലത്തുകൾ, അഗ്രോ ക്ലിനിക്കുകൾ, നാട്ടുകൂട്ടങ്ങൾ, കർഷകർക്കായുള്ള ടോൾ ഫ്രീ നമ്പർ, പുനഃസംഘടിപ്പിച്ച കാർഷിക ഉപദേശക സമിതികൾ എന്നീ നടപടികൾ മുഖേന കൃഷി ഭവന്റെ പ്രവർത്തനം മെച്ചപ്പെട്ടിട്ടുണ്ട്.

(ബി) 2010-11-ൽ കൃഷി ഭവൻ വഴി നടപ്പാക്കുന്ന പദ്ധതികൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) കാർഷിക വിജ്ഞാനം ജനങ്ങളിലെത്തിക്കുന്നതിന് താഴെ പറയുന്ന പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പാക്കി വരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(a) കൃഷി ഭവനുകൾ വഴി നടപ്പാക്കുന്ന വിജ്ഞാന വ്യാപന പരിപാടികൾ

(b) 'ആത്മ' പദ്ധതികളിൽപ്പെടുത്തി നടത്തിവരുന്ന പരിശീലന പരിപാടികൾ

(c) ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ കേരള കർഷകൻ, ഹരിതദളം, ലഘുലേഖകൾ, ബുക്കുകൾ എന്നീ പ്രസിദ്ധീകരണങ്ങളിൽക്കൂടി കർഷകരേയും ജനങ്ങളേയും ബോധവൽക്കരിക്കുന്നു.

(d) കിസാൻ കൃഷി ദീപം, നൂറുമേനി എന്നീ ദൃശ്യമാധ്യമ പരിപാടികളിൽക്കൂടി നൂതന കൃഷിരീതികളും അനുവേക്ഷകളും കർഷകർക്ക് എത്തിക്കുന്നു.

(e) കൃഷി വകുപ്പ് മുഖേന നടത്തിവരുന്ന ശില്പശാലകൾ, സെമിനാറുകൾ, നാട്ടുകൂട്ടങ്ങൾ, പ്രദർശനങ്ങൾ, കർഷക സംഗമങ്ങൾ എന്നിവയിലൂടെയും പദ്ധതി വിശദാംശങ്ങൾ ജനങ്ങളിൽ എത്തിക്കുന്നു.

(ഡി) കർഷക പങ്കാളിത്തത്തോടെയാണ് നാളിതുവരെ വകുപ്പിലെ പദ്ധതികൾ നടപ്പാക്കിയിട്ടുള്ളത്. തുടർന്നും പ്രസ്തുത നയം തന്നെ സ്വീകരിക്കുന്നതാണ്.

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 29-12-2008-ലെ ജി.ഒ.(എം.എസ്.) നമ്പർ 221/2008/എഡി പ്രകാരം 8 കൃഷി ഭവനുകൾ പുതുതായി ആരംഭിച്ചിട്ടുണ്ട്. അവ ഇപ്രകാരമാണ്. കുമ്മിൾ, ചിറക്കര (കൊല്ലം ജില്ല) കോരുതോട് (കോട്ടയം) ദേവികുളം (ഇടുക്കി), തെങ്കര (പാലക്കാട്), കാലടി, മുതുവല്ലൂർ (മലപ്പുറം), കട്ടിപ്പാറ (കോഴിക്കോട്).

പ്രാഥമിക സഹകരണ സംഘങ്ങളുടെ കീഴിൽ സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ

27(*147) ശ്രീ. എൻ. രാജൻ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. രാജാജി മാത്യു തോമസ് :
ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങാൻ പ്രാഥമിക സഹകരണ സംഘങ്ങളെ അനുവദിക്കണമെന്ന ശിപാർശയുണ്ടായിട്ടുണ്ടോ ; എങ്കിൽ ഇതുസംബന്ധിച്ചു പഠിക്കാൻ നിയോഗിച്ച സമിതിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ ;

(ബി) ഈ സമിതിയുടെ റിപ്പോർട്ടിലെ മറ്റു പ്രധാന ശിപാർശകൾ എന്തെല്ലാം ; ഈ ശിപാർശകളിന്മേൽ എന്തെങ്കിലും തീരുമാനം എടുത്തിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly